(Pages : 4)

**P – 2349**

**Reg. No. : .............................**

**Name : ..................................**

**Fifth Semester B.A. Degree Examination, December 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course VII**

**ML 1542 : ചെറുകഥാപഠനം**

**(2014-2017 Admission)**

Time : 3 Hours

Max. Marks : 80

I. എല്ലാ ചോദ്യത്തിനും **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. പക്ഷിമൃഗാദികൾ കഥാപാത്രങ്ങളായി വരുന്ന ഗുണപാഠകഥകൾക്കു പറയുന്ന പേരെന്ത്?

2. മലയാളത്തിലെ ആദ്യ ചെറുകഥയുടെ കർത്താവാര്?

3. 'ചെറുകഥ ഇന്നലെ, ഇന്ന്' എന്ന കൃതി രചിച്ചതാര്?

4. 'ഒരു നരിയെ കൊന്ന വെടി' എന്ന കഥ ആദ്യം പ്രസിദ്ധീകരിച്ച മാസിക ഏത്?

5. 'ഉറൂബ്' എന്ന തൂലികാനാമത്തിൽ പ്രസിദ്ധനായ എഴുത്തുകാരൻ ആര്?

6. ''ഈ നിലയിൽ ഭൂമി പിളർന്ന് എന്നെ കൊണ്ടുപോയിരുന്നുവെങ്കിൽ'' - ആരുടെ വാക്കുകൾ?

7. 'ചവർഗ്ഗം താലവ്യമോ' എന്ന കഥയിൽ പശ്ചാത്തലമാകുന്ന സ്ഥലവും കാലവും ഏത്?

P.T.O.

8. 'ഭൂമി പുത്രന്റെ വഴി' എന്ന കഥാസമാഹാരം എഴുതിയതാര്?

9. ''പെണ്ണായി ജനിച്ചാൽ നരകം തന്നെ. പെണ്ണായി ജനിക്കാതിരിക്കുകയാണ് ഭേദം'' ആരുടെ വാക്കുകൾ?

10. 'പയ്യൻകഥകൾ' ആരുടെ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

11. പഞ്ചതന്ത്രം കഥകൾ - കുറിപ്പെഴുതുക.

12. കടലിൽ മുങ്ങേണ്ടതിനുള്ള ഭ്രമം കലശലായി. ആർക്ക്? എന്തുകൊണ്ട്?

13. മൃഗയാ വിനോദത്തിൽ കഥാനായകന് വിരക്തി വരാൻ കാരണമെന്ത്?

14. ''നാലു മാസമായിട്ടൊക്കാത്ത കാര്യം വരണമാസത്തിലൊക്കാൻ പോണെ''. കാര്യം എന്ത്? സന്ദർഭം വിവരിക്കുക.

15. ''ഈ വിശ്വാസമാണു മനുഷ്യരെ ശക്തിയില്ലാത്തവരാക്കുന്നത്'' സന്ദർഭം എഴുതുക.

16. ''ഇതിലും ഭേദം മരണമായിരുന്നു. എന്തുകൊണ്ട് അന്നു മരിച്ചില്ല'' - ആരുടെ വാക്കുകൾ? ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

17. ''ഇയ്ക്ക് ചോന്ന പാവാടയാ ചേർച്ച. ഇയ്ക്ക് ഓണത്തിന് ചോന്ന പാവാടയാ വേണ്ട് - ഇയ്ക്ക് അതാ ചേർച്ച'' - സന്ദർഭം എഴുതുക.

18. 'കല്പാന്തകാലത്തോളം മുഴങ്ങുന്ന ഒരപവാദമായിരിക്കും അത്' - ആരുടെ ചിന്ത? അപവാദം എന്ത്?

19. 'കണ്ടാലുടൻ ഇത് ഏതാ തരമെന്ന് ഒറ്റുന്ന ഒരടയാളം അവളിലുണ്ടോ?' - സന്ദർഭം വിവരിക്കുക.

20. 'ഒരു പ്രാർത്ഥനപോലും തന്നിൽ നിന്ന് എത്രയോ അകലെയാണ്?' - ആരുടെ ചിന്ത? സന്ദർഭം ഏത്?

21. 'ഹാ, മുദ്രാവാക്യങ്ങൾ കവിതയാകുന്ന മനോഹര നിമിഷം' - സന്ദർഭമെഴുതുക.

22. 'കുരുക്ഷേത്രയുദ്ധത്തിൽ നീയോ ഞാനോ ഒരാളേ ബാക്കിയുണ്ടാവൂ.' - സന്ദർഭവും ഫലിതവും എഴുതുക.

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. ആദ്യകാലകഥകളുടെ പൊതുസ്വഭാവം വ്യക്തമാക്കി 'ദ്വാരക' എന്ന കഥയിൽ ആ പ്രവണതകൾ ഇണങ്ങുന്നുണ്ടോ എന്നു പരിശോധിക്കുക.

24. മാതൃത്വത്തിന്റെ മഹത്ത്വം വെളിപ്പെടുത്തുന്ന കഥയാണ് 'വെളുത്ത കുട്ടി'. സമർത്ഥിക്കുക.

25. മഖൻസിങ്ങിന്റെ മരണം വിവരിക്കുക.

26. ''നമ്മൾ ഭാഷാവിപ്ലവകാരികളാകണം. അതാണ് യഥാർത്ഥ റൊമാന്റിസിസം'' - സന്ദർഭവും ആശയവും വ്യക്തമാക്കുക.

27. ദാരിദ്ര്യവും മനുഷ്യമോഹങ്ങളും തമ്മിലുള്ള പൊരുത്തക്കേട് കാരൂരിന്റെ 'അരഞ്ഞാണം' എന്ന കൃതിയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

28. ''സ്നേഹം കൊണ്ട് ചൂട്! സർവ്വതിനും അയാൾക്കൊരു ദുഷ്ടലാക്കുണ്ട്'' - സന്ദർഭം വിശദമാക്കുക.

29. മരണത്തെ ഫലിതം കൊണ്ടു നേരിടുന്ന ആഖ്യാനതന്ത്രമാണ് കർണ്ണപർവ്വം എന്ന കഥയിൽ - സമർത്ഥിക്കുക.

30. ''കൊന്നു വെള്ളത്തിൽ തള്ളണമെങ്കില് എനിക്ക് ഇത്തിരികൂടി ഇരുട്ടിയിട്ട് ചെയ്യൂടിയോ?'' - സന്ദർഭം വിശദമാക്കുക.

31. 'എന്റെ വയറ്റിൽ പൊക്കിളിന്റെ അടുക്കെയായി, പെട്ടെന്നൊരു വിദ്യുച്ഛക്തി പ്രകാശിച്ചതുപോലെ ഒരനുഭവമുണ്ടായി' - ആർക്ക്? എപ്പോൾ?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക.

32. പെൺജീവിതങ്ങളുടെ സംഘർഷങ്ങളും ദുരിതങ്ങളും 'ചുവന്ന പാവാട', 'അസംഘടിത' എന്നീ കഥകളെ ആസ്പദമാക്കി എഴുതുക.

33. 'ഫാന്റസി' ചെറുകഥയിൽ ചെലുത്തുന്ന സ്വാധീനത്തിന് ഉദാഹരണമാണ് 'വെളുത്ത കുട്ടി' . - സമർത്ഥിക്കുക.

34. വി.കെ.എൻ. കഥകളിലെ കേരളീയത, ഹാസ്യം എന്നിവയെക്കുറിച്ച് 'ലഞ്ച്' എന്ന കഥയെ മുൻനിർത്തിയെഴുതുക.

35. 'മരണത്തിലേയ്ക്കുള്ള ബസ് യാത്രകളാണ് 'മഖൻസിങ്ങിന്റെ മരണം', 'പന്ത്രണ്ടാം മണിക്കൂർ' എന്നീ കഥകൾ. വിലയിരുത്തുക.

**($2 \times 15 = 30$ Marks)**